**237**

ആരാധിച്ചിടാം ആത്മനാഥനെ
ആയുസ്സിൻ നാളെല്ലാം നന്ദിയോടെ
ഇത്രമാത്രം എന്നെ സ്നേഹിച്ചിടുന്നോരു
രക്ഷകൻ ഇല്ല ഇക്ഷിതിയിൽ (2)

1 സിംഹക്കുഴിയോ, ചെങ്കടൽ ചൂളയോ
എന്തു വന്നീടിലും ഭാരമില്ല
എന്നെ വിളിച്ചവൻ എൻകൂടെയുെ   ന്നും
എന്നെ നടത്തിടും അന്ത്യം വരെ-

2 എന്തു ഞാൻ തന്നിടും എൻകർത്താ നിനക്കായ്
എന്നെ ഞാൻ തന്നിടുന്നു നിൻകരത്തിൽ
എടുക്ക എന്നെ നീ നിൻഹിതം പോലെന്നും
നടത്തിടേണമെ യേശുനാഥാ-

3 ആയിരം ആയിരം ദേവന്മാരേക്കാൾ
എത്രയോ ഉന്നതൻ എന്റെ യേശു
അവനൊപ്പം പറയുവാൻ അവനെപ്പോൽ ആരുമേ
ഇല്ലെനിക്കെന്നുടെ ജീവിതത്തിൽ-

4 നാളുകൾ ഓരോന്നായ് തീർന്നൊരു നാളിൽ
നാഥനരികിൽ ഞാൻ അണഞ്ഞിടുമ്പോൾ
ഓടിവരും എന്നെ മാറോടണച്ചിടും
എൻ കണ്ണുനീരെല്ലാം തുടച്ചിടും താൻ-   **S.K.B.**